**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** | **28-07-2021 - ൽ മറുപടിയ്ക്ക്**

**കായിക പരിശീലനത്തിന് പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസ് ആക്ട് ചട്ടങ്ങൾ പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിനായി നാളിതുവരെ എത്ര പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്; | (എ) | 2020 ലെ കേരള പോലീസ് ചട്ടങ്ങൾ പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിനായി നാളിതുവരെ 722 പെർമിറ്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ക്ലബ്ബുകൾ, ജിംനേഷ്യം എന്നിവയ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ; | (ബി) | SRO No. 275/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് ചട്ടങ്ങളിൽ ചട്ടം (7) ൽ (5) പ്രകാരം ഫീസ് ഈടാക്കാൻ അനുമതിയുണ്ട്. |
| (സി) | ഈ പെർമിറ്റ് അനുവദിക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | SRO No. 275/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് ചട്ടങ്ങൾ പ്രകാരം രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടുന്നവർക്ക് പെർമിറ്റ് നൽകുവാൻ പാട്ടുള്ളതല്ല. |
| (ഡി) | കേരളത്തിൽ കായിക പരിശീലനം നടത്തുന്നതിനായി പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഘടനകൾ ഏതൊക്കെയാണ്; അവ ഒരോന്നിനും അനുവദിച്ചിട്ടുള്ള പരിശീലന കേന്ദ്രങ്ങളുടെ എണ്ണമെത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ? | (ഡി) | കേരളത്തിൽ കായിക പരിശീലനം നടത്തുന്നതിന് പെർമിറ്റിനായി സംഘടനകൾ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ